# ഈ ചരിത്ര നിമിഷത്തിന് സാക്ഷ്യം വഹിക്കുക

## 14 - 11 - 86 വെള്ളിയാഴ്ച എടക്കൽ ഗുഹ സംരക്ഷി ക്കുന്നതിന് ഗുഹാകവാടം ഗേററിട്ടു പൂട്ടുന്നു.

മനുഷ്യ സംസ്കാരത്തിൻെറ പ്രാചീനരേഖയായി ലോകത്ത് അവശേഷിക്കുന്ന അപൂർവ്വം ചില സ്മാരകങ്ങളിൽ ഒന്നാണ് എടക്കൽ ഗുഹ. ഗുഹയിലെ ശിലാചിത്രങ്ങളും പരിസരങ്ങളിൽ ചിതറിക്കിടക്കുന്ന അസംഖ്യം ചരിത്രാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ദിനംപ്രതി ഗുഹ സന്ദർശിക്കുന്നവരിലെ സാമൂഹ്യ വിരുദ്ധർ ഈ വിശേഷാത്തര രേഖാചിത്രങ്ങൾ വികൃതമാക്കിക്കൊണ്ടിരിക്കുകയാണ്.

എന്നാൽ ചരിത്രത്തിൻെറ സൂക്ഷിപ്പുകാരായ സർക്കാർ ഗുഹ സംരക്ഷിക്കുന്നതിന് വേണ്ടി ഇതുവരെ ഒന്നും ചെയ്തിട്ടില്ല. ആർക്കിയോളജി വകുപ്പാണ് ഇതിന് ചുമതലപ്പെട്ടവരെന്ന് പറയുന്നു. പക്ഷെ അവരുടെ അലംഭാവം പലപ്പോഴായി നാമൊക്കെ മനസ്സിലാക്കിയതാണ്. ചരിത്ര സ്മാരകങ്ങളോടും സാംസ്ക്കാരിക മൂല്യങ്ങളോടും സക്കാർ അനുവർത്തിച്ചു പോരുന്ന നയം ആരെയും പറഞ്ഞറിയിക്കേണ്ടതുമില്ല. ഈ സാഹചര്യത്തിൽ വകുപ്പുകളും ചട്ടങ്ങളും ഉദ്ധരിച്ച് ചരിത്രം സംരക്ഷിക്കുന്നവരെ കാത്തുനിൽക്കാതെ എടക്കൽ ഗുഹക്ക് സംരക്ഷണം ഏർപ്പെടുത്തണമെന്ന് ഗുഹാസംരക്ഷണ സമിതി തീരുമാനിച്ചിരിക്കുന്നു.

മറെറാരു പ്രശ്നം എടക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തി മലകളിലെ കരിങ്കൽ ക്വാറികളാണ്. മലയുടെ പരിസരത്ത് താമസിക്കുന്ന മനുഷ്യരുടെ സുരക്ഷിതത്വത്തിൻെറ പ്രശ്നം കൂടിയാണിത്. മാത്രമല്ല ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കാതെ ഗുഹ മാത്രമായി നമുക്ക് സംരക്ഷിക്കാനും കഴിയില്ല. കേവലമായ ധന സമ്പാദത്തിന് വേണ്ടി മാത്രം ഒരു സംസ്ക്കാരത്തിൻെറ അററു പോവുന്ന കണ്ണികളെ പൂർണ്ണമായി നശിപ്പിക്കുകയും മനുഷ്യൻെറ സ്വൈര്യ ജീവിതത്തെ ഇല്ലാതാക്കുകയും ചെയ്യാൻ ചിലരെ അനുവദിക്കണമൊ എന്നതാണ് പ്രശ്നം സുദീർഘമായ പ്രക്ഷോഭങ്ങൾ ഇതിനായി വേണ്ടിവരും.

ഒരു ജനത അവരുടെ ഇച്ഛാ ശക്തി മാത്രം കൈമുതലാക്കി ഒരു ചരിത്ര സ്മാരകം സംരക്ഷിക്കാൻ മുന്നിട്ടിറങ്ങുന്ന ദിവസമാണ് നവംബർ പതിനാല്. അത് വിജയിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. രാവിലെ ഗേററ് സ്ഥാപിച്ചതിന് ശേഷം ഉച്ചക്ക് 2 മണി മുതൽ അമ്പലവയൽ ഡെപ്യൂട്ടി കലക്ടർ ആഫീസിനു മുമ്പാകെ ക്വാറികൾ നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സത്യാഗ്രഹം നടത്തുന്നതും അഞ്ചു മണിക്ക് ടൗണിൽ പ്രതിഷേധ യോഗം ചേരുന്നതുമാണ്.

ഗേററ് സ്ഥാപിക്കുന്നതിനും തുടന്ന് നടക്കുന്ന പ്രക്ഷോഭങ്ങളിൽ പങ്കാളിയാവുന്നതിനും ചരിത്ര ബോധം അററുപോയിട്ടില്ലാത്ത എല്ലാ പ്രകൃതി സ്നേഹികളേയും ക്ഷണിക്കുന്ന നമ്മുടെ കുഞ്ഞുങ്ങൾ, നമ്മെ ഓർത്ത് ലജ്ജിക്കാതിരിക്കട്ടെ,

അമ്പലവയൽ
10_12_86

**കൺവീനർ**
എടക്കൽ ഗുഹ സംരക്ഷണ സമിതി

---

കാസ്കാ കമ്പളക്കാട് ഫോൺ: 57